# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2337 — 08.07.15 -ൽ മറുപടിക്ക്

### മാടായി,മാട്ടൂൽ എന്നിവിടങ്ങളിലെ കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിൽ, കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിൽ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുന:നിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തി നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) കണ്ണൂർ ജില്ലയിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ഏട്ടിക്കുളം മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽ ഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, മാടായി ഗ്രാമ പഞ്ചായത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് നടപടികൾ പൂർത്തികരിച്ച് വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. മാടായി ഗ്രാമപഞ്ചായത്തിലെ നീരൊഴുക്ക് ചാലിൽ ch:100/200 മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ നീരൊഴുക്ക് ചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി SDRF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. |

JSK/

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ് ;ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ ബാക്കിയുള്ളത് ഏതെല്ലാമാണ്;വിശദാംശം നൽകുമോ ?

(ബി) നീരൊഴുക്ക് ചാലിൽ ചെ:100/200 മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി കടലാക്രമണ പ്രതിരോധപ്രവൃത്തിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മേൽ പ്രവൃത്തി 3 തവണ ടെൻടർ ചെയ്യുകയും 1 തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

മാട്ടൂൽ ഗ്രാമ പഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽ ചെ:100/400 കി.മീ നും 100/550 കി.മീ.നും ഇടയിൽ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് SDRF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ